## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1833 — 10.03.2020 ൽ മറുപടിക്ക്

### കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികൾ

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം മിഷൻ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തിയ റാന്നി നിയോജകമണ്ഡലത്തിലെ ഓരോ ആശുപത്രിയിലും എത്ര ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയുള്ള ഡോക്ടർമാരുടെ സേവനം<br>1. കുടുംബാരോഗ്യകേന്ദ്രം,കോട്ടാങ്ങൽ-4<br>2. കുടുംബാരോഗ്യകേന്ദ്രം, വടശ്ശേരിക്കര-2<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിലെ പി.എസ്.സി മുഖേനയുള്ള ഡോക്ടർമാരുടെ സേവനം.<br>1. പ്രാഥമികാരോഗ്യകേന്ദ്രം, ചെറുകോൽ -3<br>2. പ്രാഥമികാരോഗ്യകേന്ദ്രം, എഴുമറ്റൂർ -3<br>3. പ്രാഥമികാരോഗ്യകേന്ദ്രം, തെള്ളിയൂർ -3<br>4.സാമൂഹികാരോഗ്യകേന്ദ്രം, വെച്ചൂച്ചിറ -3<br>5. പ്രാഥമികാരോഗ്യകേന്ദ്രം, നാറാണംമൂഴി -2<br>6. പ്രാഥമികാരോഗ്യകേന്ദ്രം, റാന്നി,പഴവങ്ങാടി-2 |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആശുപത്രികളിൽ ദിവസേന എത്ര മണിക്കൂർ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നുണ്ട്, എന്തൊക്കെ പുതിയ സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തി; | (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ നിലവിൽ 9 മണിക്കൂർ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ആർദ്രം മിഷൻ വഴി താഴെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തി വരുന്നു.<br>1. ഭൗതിക സൗകര്യ വർദ്ധനവിനായി<br>(എ)പ്രൈമറി വെയിറ്റിംഗ് ഏരിയാ എയർപോർട്ട് കസേരകളോടൊപ്പം.<br>(ബി)ജനസൗഹൃദ ഒ.പി കൗണ്ടർ<br>(സി) സെക്കണ്ടറി വെയിറ്റിംഗ് ഏരിയ.<br>(ഡി) 2 ഒ.പി റൂമുകൾ<br>(ഇ) നെഴ്സസ് ഡ്യൂട്ടി റൂം, ഒബ്സർവേഷൻ, മുലയൂട്ടൽ, വാക്സിനേഷൻ മുറികൾ. |

| | | | |
|---|---|---|---|
| | | | (എഫ്) നെഴ്സുമാരുടെ പ്രീ ചെക്കപ്പ് റൂമുകൾ.<br>(ജി) സ്ത്രീ–ബാല–ഭിന്നശേഷി സൗഹൃദയ ടോയ്‌ലറ്റുകൾ.<br>(എച്ച്) പ്രത്യേക വെയിറ്റിംഗ് ഏരിയയോടു കൂടിയ ലാബുകൾ .<br>2. കുടുംബാരോഗ്യകേന്ദ്രം സബ് സെന്ററുകളിൽ ആഴ്ചയിൽ 6 ദിവസം ക്ലിനിക്കുകൾ നടത്തി വരുന്നു.<br>3. കൂടുതൽ സേവനങ്ങൾക്കായി മനുഷ്യവിഭവ ശേഷി വർദ്ധിപ്പിക്കുന്നു.<br>4. രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി, ലാബ് സേവനങ്ങൾ, റഫറൽ ബാക്ക് സൗകര്യം, കൗൺസിലിംഗ്, റീഹാബിലിറ്റേഷൻ& പാലിയേറ്റിവ് സർവ്വീസ്, പ്രിവന്റീവ് / പ്രൊമോട്ടിവ് ഹെൽത്ത് ഉറപ്പാക്കാനുള്ള സേവനങ്ങൾ, ശ്വാസ് ക്ലിനിക്, ആശ്വാസ് ക്ലിനിക്കുകൾ, മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നു. |
| (സി) | ഗ്രാമീണമേഖലയിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനവും ചികിത്സാസൗകര്യവും ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്, വ്യക്തമാക്കാമോ? | (സി) | കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ സേവനങ്ങളും നൽകാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉറപ്പാക്കുകയും ആവശ്യമുള്ള മെഡിക്കൽ ഓഫീസർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നിവരെ ലഭ്യമല്ലാത്ത ഇടങ്ങളിൽ പഞ്ചായത്തുകൾ വഴി ടി ജീവനക്കാരെ താല്ക്കാലികമായി നിയമിക്കുന്നുമുണ്ട്. |

Hari

സെക്ഷൻ ഓഫീസർ